പത്രക്കുറിപ്പ്

# വാഹനപരിശോധനയ്ക്കിടെ പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച സൈനികൻ അറസ്റ്റിൽ

# പോലീസ് വാഹനം അടിച്ചു തകർത്ത കേസ്സിലെ പ്രതി പിടിയിൽ

കോവിഡ്-19

# വിലക്ക് ലംഘനം: 88 പേർക്കെതിരെ നിയമനടപടി 23,500/- രൂപ പിഴ ഈടാക്കി

## വാഹനപരിശോധനയ്ക്കിടെ പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച സൈനികൻ അറസ്റ്റിൽ

തിരുവനന്തപുരം:- വാഹന പരിശോധനയ്ക്കിടെ പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച് പരിക്കേൽപ്പിച്ച സൈനികനെ പോലീസ് അറസ്റ്റ് ചെയ്തതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ഉത്തർപ്രദേശ് ബറേലി മിലിറ്ററി ആശുപത്രിയിൽ ഹവിൽദാർ ആയ പൂന്തുറ വാർഡിൽ നടുത്തറ ലൈബ്രറിയ്ക്ക് സമീപം റ്റി.സി. 69/445-ൽ താമസം കെൽവിൻ വിൽസ് (32)-നെയാണ് പൂന്തുറ പോലീസ് അറസ്റ്റ് ചെയ്തത്. ഇന്നലെ രാവിലെ 09.30-ന് തിരുവല്ലം കരിമ്പുവിള ഭാഗത്ത് വച്ചാണ് സംഭവം നടന്നത്. ഹെൽമെറ്റ് ധരിക്കാതെ വാഹനം ഓടിച്ചു വന്നയാളെ



പൂന്തുറ പോലീസ് അറസ്റ്റ് ചെയ്ത കെൽവിൻ വിൽസ് (32)

പോലീസ് ബൈപ്പാസ് ബീക്കൺ പട്രോളിംഗ് സംഘം തടഞ്ഞു നിർത്തിയപ്പോൾ ഇയാൾ വനിതാ പോലീസ് ഉദ്യോഗസ്ഥയെ അനാവശ്യം പറഞ്ഞും സൈനികനാണെന്ന് പറഞ്ഞ് യാതൊരു പ്രകോപനവും ഇല്ലാതെ മറ്റ പോലീസ് ഉദ്യോഗസ്ഥരോട് തട്ടിക്കയറുകയും ചെയ്തു. സംഭവം അറിഞ്ഞ് പൂന്തുറ പോലീസ് സ്റ്റേഷനിൽ നിന്നും പോലീസ് പാർട്ടി എത്തിയ സമയം വാഹനം എടുത്തുകൊണ്ട് പോയ ഇയാളെ പോലീസ് പിൻതുടർന്ന് തൊട്ടടുത്തുള്ള പട്രോൾ പമ്പിന് സമീപം വച്ച് തടയുകയും, അപ്പോൾ ഇയാൾ പോലീസ് ഉദ്യോഗസ്ഥരെ ആക്രമിക്കുകയുമായിരുന്നു. സംഭവത്തിൽ പൂന്തുറ എസ്.ഐ വിഷ്ണുവിന്റെ കൈയ്ക്ക് പൊട്ടൽ ഏൽക്കുകയും എസ്.ഐ അനൂപ് ചന്ദ്രന് പരിക്കേൽക്കുകയും ചെയ്തു. അറസ്റ്റ് ചെയ്ത ഇയാളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്യുമെന്ന് പൂന്തുറ എസ്. എച്ച്. ഓ സജികുമാർ അറിയിച്ചു.

## പോലീസ് വാഹനം അടിച്ചു തകർത്ത കേസ്സിലെ പ്രതി പിടിയിൽ

തിരുവനന്തപുരം:- വിഴിഞ്ഞത്ത് പോലീസ് വാഹനം അടിച്ചു പൊട്ടിച്ച കേസിലെ മൂന്നാം പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പി.-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വിഴിഞ്ഞം ചന്തയ്ക്ക് സമീപം കരിയിലക്കെട്ട് പുരയിടത്തിൽ താമസം ക്ലീറ്റസ് (27)-നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്. 2020 ഡിസംബർ 19-നാണ്



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത ക്ലീറ്റസ്(27)

കേസിനാസ്പദമായ സംഭവം നടന്നത്. ക്ലീറ്റസ് ഉൾപ്പെടുന്ന മൂന്നംഗസംഘം ഫിഷ് ലാന്റ് ഭാഗത്ത് മദ്യപിച്ച് ബഹളം ഉണ്ടാക്കുന്നതുകണ്ട് അതുവഴി വന്ന പോലീസ് പട്രോളിംഗ് പാർട്ടി താക്കീത് നൽകി പറഞ്ഞു വിട്ടതിലുള്ള വിരോധത്താൽ പോലീസ് വാഹനം തിരികെ വന്ന സമയം മൂന്നംഗ സംഘം വാഹനം തടഞ്ഞു നിർത്തി, ചില്ല് അടിച്ച് തകർത്ത് ആട്ടോയിൽ കയറി രക്ഷപ്പെടുകയായിരുന്നു. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതികളിൽ നസ്സറിൻ (38), ജോസ് (32) എന്നിവരെ പോലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. വിഴിഞ്ഞം എസ്.എച്ച്.ഒ പ്രവീണിന്റെ നേതൃത്വത്തിൽ എസ്.ഐ-മാരായ സജി.എസ്.എസ്, തിങ്കൾ ഗോപകുമാർ, സി.പി.ഒ-മാരായ കൃഷ്ണകുമാർ, അജികുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ പിടികൂടിയത്. കുറ്റകൃത്യത്തിന് പ്രതികൾ ഉപയോഗിച്ച ആട്ടോറിക്ഷയും പോലീസ് കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (18-01-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 88 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 36 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 45 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 2 പേരിൽ നിന്നുമായി 23,500/- രൂപ പിഴ ഈടാക്കി. കൂടാതെ, കോവിഡ്

സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 5 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
18-01-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി